പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 289 — 11.06.2012 ൽ മറുപടിക്ക്

## എൻറിക്കലെക്സിയുമായുള്ള കേസിന്റെ ഇപ്പോഴത്തെ അവസ്ഥ

| ചോദ്യം<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
|---|---|---|
| (എ) ഇറ്റാലിയൻ കപ്പലായ എൻറിക്കലെക്സിയിൽ നിന്നുള്ള വെടിയേറ്റ് രണ്ട് മത്സ്യത്തൊഴിലാളികൾ മരിച്ച സംഭവത്തിൽ കേരളത്തിന് കേസെടുക്കാൻ അധികാരമില്ലെന്ന് കേന്ദ്ര സർക്കാർ സുപ്രീം കോടതിയിൽ വെളിപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | എൻറിക്കലെക്സി വെടിവെപ്പ് സംഭവത്തിലുൾപ്പെട്ട കപ്പൽ വിട്ടുകിട്ടുന്നതിനുവേണ്ടി ഉടമ ബഹു. സുപ്രീംകോടതിയിൽ സമർപ്പിച്ച ഹർജി (SLP (C) No. 11942/2012) 20.04.2012 ന് പരിഗണനയിൽ വന്നപ്പോൾ കേന്ദ്ര സർക്കാരിനുവേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ ശ്രീ. ഹിരൺറാവൽ സംഭവത്തിൽ കേസെടുക്കുന്നതിന് കേരള സർക്കാരിന് അധികാരമില്ലെന്ന് വ്യക്തിപരമായ പരാമർശം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ ശക്തമായ എതിർപ്പിനെത്തുടർന്ന് കേസിന്റെ തുടർന്നുള്ള വാദങ്ങളിൽ ഹാജരായ കേന്ദ്രസർക്കാരിന്റെ സോളിസിറ്റർ ജനറൽ ശ്രീ. ഗുലാം ഇ. വഹനാവതി, കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ അറസ്റ്റ് ചെയ്ത് കുറ്റപത്രം ഫയൽ ചെയ്ത് വിചാരണ നടത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ട് എന്ന വാദത്തെ കേന്ദ്ര സർക്കാർ പിന്താങ്ങുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ; | (ബി) യും | |
| (സി) ഇതിനെതിരെ സർക്കാർ എന്തു വാദമാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (സി) യും | ബാധകമല്ല |

| | |
|---|---|
| (ഡി) കേസിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ? | (ഡി) കപ്പൽ വിട്ടുകിട്ടുന്നതിനായി ഉടമകൾ സുപ്രീം കോടതിയിൽ സമർപ്പിച്ച ഹർജി (SLP (C) No. 11942/2012) തീർപ്പായിട്ടുണ്ട്. ഇറ്റാലിയൻ നാവികർക്കെതിരെ നിയമനടപടികൾ കൈക്കൊള്ളുന്നതിനുള്ള അധികാരം ചോദ്യംചെയ്തുകൊണ്ട് സുപ്രീംകോടതിയിൽ ഫയൽ ചെയ്യപ്പെട്ട WP (C) 135/12 -ാം നമ്പർ കേസ് കൂടുതൽ വാദത്തിനായി 26.07.2012 ലേക്ക് അവധിക്കുവച്ചിട്ടുണ്ട്. നാവികർക്കെതിരെ നീണ്ടകര കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 2/2012 ആയി രജിസ്റ്റർ ചെയ്ത കേസിൽ അന്വേഷണം പൂർത്തിയാക്കി 18.05.2012 ൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. സി.പി. 1/2012 ആയി കൊല്ലം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ഫയലിൽ സ്വീകരിച്ച കേസ് കൊല്ലം പ്രിൻസിപ്പൽ സെഷൻസ് കോടതിയിലേക്ക് കൈമാറിയിട്ടുണ്ട്. എസ്.സി. 515/2012 ആയി നമ്പർ ചെയ്ത ഈ കേസിൽ 18.06.2012 ന് വിചാരണ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ